# പാമോയിൽ, കോള ഇറക്കുമതി നിരോധിക്കണം

പാലക്കാട്: കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിക്കുന്ന ഭക്ഷ്യ എണ്ണകളുടേയും ആരോഗ്യത്തിന് ഹാനികരമായ കോളകളുടേയും ഇറക്കുമതി സമ്പൂർണ്ണമായി നിരോധിക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുന്നോട്ടുവരണമെന്ന് സാമൂഹ്യ-പരിസ്ഥിതി-കർഷക സംഘടനകൾ പാലക്കാട്ട് സംയുക്തമായി ഇറക്കിയ ഒരു പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഉദാരവൽക്കരണത്തെത്തുടർന്ന് ഇറക്കുമതി - കയറ്റുമതി നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതിന്റെ ഫലമായി അനുദിനം ടൺ കണക്കിന് പാമോയിൽ കേരളത്തിൽ കൊണ്ടുവന്ന് തള്ളുകയാണ്.

നിരവധി രാജ്യങ്ങളിൽ നിരോധിച്ചിട്ടുള്ള കോളകളും ഇവിടെ വ്യാപകമായി വിറ്റഴിക്കപ്പെടുന്നു. ഈ കാരണങ്ങളാൽ നാളികേരത്തിന്റെ വില 25 വർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ ഇടിഞ്ഞു. ഇതിന്റെയെല്ലാം പരിണിതഫലമായി സംസ്ഥാനത്തിന്റെ കാർഷിക ഉല്പാദനമേഖല ഇങ്ങിനി വരാത്തവണ്ണം തകർച്ചയിലാണ്. ഇതിനൊരു പരിഹാരം ഇവയുടെ ഇറക്കുമതി നിരോധിക്കുകയും നാളികേരത്തിന്റേയോ വെളിച്ചെണ്ണയുടേയോ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുകയുമത്രേ. സംസ്ഥാന സർക്കാർ ഇടപെട്ട് സിവിൽസപ്ലൈസ് കോർപ്പറേഷൻ, നീതി സ്റ്റോറുകൾ എന്നിവ വഴി ഇറക്കുമതി ചെയ്യു ഭക്ഷ്യ എണ്ണയുടെ വില്പന നിരോധിക്കണം. ഗവൺമെന്റ് അതിഥിമന്ദിരങ്ങൾ, ഹോട്ടലുകൾ, ഐ.സി.ടി.ഡി.സി. പാർലറുകൾ എന്നിവയിലും ഇവയ്ക്ക് വിലക്ക് ഏർപ്പെടുത്തണം. റെയിൽവേ-ബസ്സ് സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങളിലെ കാന്റീനുകൾ എന്നിവയിലും ഈ വിലക്ക് നടപ്പിൽ വരുത്തണം. വ്യാപാരസമൂഹവും ഈ കാര്യത്തിൽ സഹകരിക്കണം. സ്കൂൾ - കോളേജ് കാമ്പസുകളിൽ നേച്ചർ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഇതിനു വേണ്ട പ്രചാരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് പ്രസ്താവനയിൽ തുടർന്നു പറയുന്നു.

ഭാരതപ്പുഴ സംരക്ഷണസമിതി, ദേശീയകർഷകസമാജം, മലമ്പുഴ പരിസ്ഥിതിസംരക്ഷണസമിതി, ജനജാഗ്രത, ലോഹ്യാവിചാരവേദി, കൃഷിഭൂമി സംരക്ഷണസമിതി, കേരള സംസ്ഥാനജനകീയപ്രതിരോധ സമിതി, കോൺഫിഡറേഷൻ ഓഫ് കോളേജ് നേച്ചർ ക്ലബ്ബ്സ്, നെല്ലിയാമ്പതി നേച്ചർ പ്രിസർവേഷൻ സൊസൈറ്റി, ഹരിത, ഗാന്ധി യുവമണ്ഡലം, സ്വതന്ത്രചിന്താവേദി എന്നീ സംഘടനകളാണ് പ്രസ്ഥാവനയിൽ ഒപ്പുവെച്ചിട്ടുള്ളത്.